നം.കെഎസ്എ-കെടിഎം.പി.13-1841/2016 തീയതി : 07.12.2016

# കോട്ടയം ജില്ലയിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.5.2016മുതൽ 19.11.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ടഉദ്യോഗസ്ഥൻ | ശ്രീമതി.എം.വി.സിനി,ഡെപ്യൂട്ടി ഡയറക്ടർ. | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19-11-2016 മുതൽ 26-11-2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.പ്രസാദ്പി.ജി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ലേഖ വി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രാജേഷ്.എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീമതി ബിന്ദു ബിജു.<br>ശ്രീ.പി.കെ.സുധീർ. | 01.04.15 മുതൽ 11-11-2015 വരെ<br>12-11-15 മുതൽ 31.3.16 വരെ |
| സെക്രട്ടറി | ശ്രീ.എച്ച്.മുഹമ്മദ് സലിം. | 1.4.15 മുതൽ 31.3-16 വരെ |

മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി സിന്ധു കെ.മാത്യു | 1.4.15 മുതൽ 31.3.16വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി സരസമ്മ വി.എ. | 1.4.2015മുതൽ31.3.2016വരെ |
| വെറ്ററിനറി സർജൻ | ഡോ.ജിത്ത്ജോൺമാത്യൂ<br>ഡോ.അനമോദ്.എൻ. | 1.4.15 മുതൽ 31.1.16 വരെ<br>4-3-16 മുതൽ 31-3-16 വരെ |
| വി.ഇ.ഒ | ശ്രീ.രാജൻ കുട്ടി എൻ.ജി. | 1.4.15 മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.വിദ്യാ മോഹൻ | 1.4.15 മുതൽ 31-3-16 വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി പി.കെ.ഗീത | 1.4.2015മുതൽ31.3.2016വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ശ്രീമതി.ശൈവ.വി.എസ്. | 1-4-15 മുതൽ 31-3-16വരെ |
| ശ്രീ.എം.റഹിം. | അസി.എൻജിനീയർ | 1-4-15 മുതൽ 31-3-16വരെ. |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക കണക്കുകളിലെ അപാകതകൾ |
| 2-2 | വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതിൽ കുറവ് |
| 2-3 | വസ്തുനികുതി കുടിശിക വർദ്ധിക്കുന്നു. |
| 2-4 | മൊബൈൽ ടവറുകളുടെ വസ്തു നികുതി അടവാക്കുന്നില്ല |

| | |
|---|---|
| 2-5 | സ്ഥാപനതൊഴിൽ നികുതി ഒടുക്കിയില്ല. |
| ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | കോൺക്രീറ്റ് റൂഫിൽ മാത്രം ചെയ്യാൻ കഴിയുന്ന പ്രവൃത്തി ആസ്ബസ്റ്റോസ് റൂഫിൽചെയ്തതായിരേഖപ്പെടുത്തി തുക നല്കി |
| 3-2 | റൂഫ് ട്രസ് നിർമ്മാണം അധികനിരക്ക് നല്കി |
| 3-3 | 1:4:8 കോൺക്രീറ്റ് മിശ്രിതം നല്കുന്നത് അധിക നിരക്ക് |
| 3-4 | സ്ഥാപിക്കാത്ത ഫ്ലഷിംഗ് സിസ്റ്റത്തിന് തുക നല്കി |
| 3-5 | ഭൂജലവകുപ്പിൽ നിക്ഷേപിച്ച 263424 രൂപയുടെ പ്രവൃത്തി നാളിതു വരെ നടന്നിട്ടില്ല |
| 3-6 | പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത ഗ്രാമസേവാകേന്ദ്രങ്ങളിലേയ്ക്ക് ഫർണീച്ചർ വാങ്ങി പഞ്ചായത്താഫീസിൽ സൂക്ഷിച്ചിരിക്കുന്നു |
| 3-7 | ഭവനനിർമാണ പ്രോജക്റ്റുകൾ -വീടുകൾ പൂർത്തീകരിച്ചില്ല. |
| 3-8 | ഇ.എം.എസ്. ലോൺ അക്കൗണ്ടിൽ തുകഅവശേഷിക്കുന്നത് |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം1 | ഓഡിറ്റ് സാക്ഷ്യപത്രം 2015-16 |
| അനുബന്ധം 3 | ബാലൻസ് ഷീറ്റ് 31.03.2016 തീയതിയിൽ |

| | |
|---|---|
| അനുബന്ധം 4 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ 2015-16 |
| അനുബന്ധം 5 | റസീപ്റ്റ് ആന്റ് പെയ്മെന്റ് 2015-16 |

## ഭാഗം 1

### പൊതു അവലോകനം

## 1-1. ബജറ്റ്

2015 -16 വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 28-03-2015 ലെ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 4621503 |
| വരവ് | 63502677 |
| ആകെ | 68124180 |
| ചെലവ് | 53423903 |
| നീക്കിയിരിപ്പ് | 14700277 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 7.7.2016 | ---- | ----- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2015-16 | 21.7.2016 |

*(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 18519943 |
| വരവ് | 32073577 |
| ആകെ | 50593520 |

| | |
|---|---|
| ചെലവ് | 46145485 |
| നീക്കിയിരിപ്പ് | 4448035 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3204046 | 2078861+ 4369103 | 9652010 | 9652010 | | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 1836482 | 3676793 | 5513275 | 5153301 | 359974 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 1300668 | 2863023 | 4163691 | 4163691 | | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 503932 | 5318586 | 5822518 | 5822518 | | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1311126 | 2068763 | 3379889 | 3379889 | | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1905941 | 4718855 | 6624796 | 4608107 | 2016689 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 2296000 | 1966877 | 4262877 | 2270437 | 1992440 | 0 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 0 | 7763188 | 7763188 | 7761836 | | 1352 | |
| ബി ഫണ്ട് | 0 | 9258370 | 9258370 | 9258370 | | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 207 | 48901485 | 170 | 38084980 | 00 | 37 | 82.13 |

കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 26-3-2016 ലെ നമ്പർ1 കമ്മിറ്റി തീരുമാനമായി അംഗീകരിച്ച പ്രസ്തുത പ്രോജക്റ്റുകൾക്ക് ജില്ലാ ആസൂത്രണസമിതി 24-6-16ലെ 490/15/ഡി.പി.സി/ഡി.പി.ഒ/കെ.റ്റി.എം നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം നല്കി.ടി പ്രോജക്റ്റുകളുടെ നിർവഹണത്തിലൂടെ ഗ്രാമപഞ്ചായത്ത് കൈവരിച്ച നേട്ടങ്ങളും അംഗീകാരം ലഭിച്ച പല പ്രോജക്റ്റുകളും നടപ്പാക്കാഞ്ഞതിനാലുള്ള കോട്ടങ്ങളും ചുവടെ ചേർക്കുന്നു.

- ഉല്പാദനമേഖലയിൽ പച്ചക്കറികൃഷി,കാലിത്തൊഴുത്ത് നിർമാണം,കാലി ത്തീറ്റവിതരണം,ആട് ഗ്രാമം പദ്ധതി എന്നിവ നടപ്പാക്കിയതിലൂടെ കാർഷികമേഖലയിൽ ഉല്പാദനവർദ്ധനവും സാമ്പത്തികപുരോഗതിയും ഉണ്ടായി.ഇത് പ്രസ്തുത മേഖലയിലെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടാൻ സഹായിച്ചു.
- സേവനമേഖലയിൽ വിവിധവിഭാഗങ്ങളിലായി വീട് നിർമാണം,വീട് പുനരുദ്ധാരണം, അങ്കണവാടികളിൽ

പോഷകാഹാരവിതരണം, പാലിയേറ്റീവ്പരിചരണം, അലോപ്പതി, ആയുർവേദ, ഹോമിയോ ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ, വിവിധ അങ്കണവാടികളുടെ സൗകര്യം മെച്ചപ്പെടുത്തൽ, ശാരീരികമാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് എന്നിങ്ങനെ വൈവിദ്ധ്യമാർന്ന പ്രോജക്റ്റുകളിലൂടെ വിവിധവിഭാഗം ജനങ്ങൾക്ക് പ്രയോജനം ലഭ്യമാക്കി.

- റോഡുകളുടെകോൺക്രീറ്റിംഗ്, റോഡുകൾക്ക് സംരക്ഷണഭിത്തി, അങ്കണവാടികളുടെയും സ്കൂളുകളുടെയും മെയിന്റനൻസ്, പഞ്ചായത്ത് ഓഫീസ് നവീകരണം, ഇലക്ട്രിഫിക്കേഷൻ, വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ അനുബന്ധസൗകര്യം വർധിപ്പിക്കൽ, വെയ്റ്റിംഗ് ഷെഡ് നിർമാണം തുടങ്ങിയ പ്രോജക്റ്റുകളിലൂടെ ദുർബല വിഭാഗങ്ങളുൾപ്പെടെയുള്ള ജനവിഭാഗങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെട്ടു.
- അംഗീകാരം ലഭിച്ച മുഴുവൻ പ്രോജക്റ്റുകളും നടപ്പിലാക്കിയില്ലയെന്നത് പദ്ധതി നിർവഹണത്തിലെ വീഴ്ചയായി.കുഴൽകിണർ നിർമാണത്തിന് തുക ഡെപ്പോസിറ്റ് ചെയ്തുവെങ്കിലും നാളിതുവരെ കിണറുകൾനിർമിച്ചിട്ടില്ല.ലഭ്യമാകുന്ന ഫണ്ടുകൾ വാർഡടിസ്ഥാനത്തിൽ വീതം വയ്ക്കുന്നതിനാൽ ലഭിക്കുന്ന തുകയ്ക്കനുസരിച്ചുള്ള പ്രവൃത്തി ചെയ്യുന്ന സമീപനമാണ് മരാമത്ത് വേലകളിൽ സ്വീകരിച്ചുപോരുന്നത്. അതിനാൽ പല പ്രവൃത്തികളും പൂർത്തിയാകാതെ അവശേഷിക്കുന്നു. പ്രോജക്റ്റുകൾ തയാറാക്കി നടപ്പിലാക്കുന്നതിലെ ഏറ്റവും പ്രധാന കോട്ടവും ഇതാണ്.

## 1-7 തനതു വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 75.76ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 562867 | 1044826 | 481959 | 85.62(+) |
| നികുതിയേതര വരവുകൾ | 98876 | 118302 | 19426 | 19.64(+) |
| ആകെ | 661743 | 1163128 | 501385 | 75.76(+) |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 21840 | 16 |
| കർഷകതൊഴിലാളി പെൻഷൻ | 14717470 | 214 |
| വിധവാപെൻഷൻ | 3041680 | 277 |
| വാർദ്ധക്യകാലപെൻഷൻ | 3309150 | 557 |
| വികലാംഗപെൻഷൻ | 1316820 | 129 |
| 50വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 57440 | 8 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 30000 | 1 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.11.2016

ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 587 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണം പൊതുവെ തൃപ്തികരമായിരുന്നുവെങ്കിലും ചില വീഴ്ചകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

- ഓഫീസ് ഉത്തരവുകളിലൂടെ ജീവനക്കാർക്ക് ജോലികൾ വിഭജിച്ച് നല്കിയിരുന്നു.തൊഴിൽനികുതി,ഡി&ഒ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും അനുബന്ധരേഖകളും ശരിയായി സംരക്ഷിച്ചിട്ടുണ്ട് .എന്നാൽ വസ്തുനികുതി ഡിമാന്റ്,കുടിശ്ശികഡിമാന്റുകൾ ,വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിച്ച് സഞ്ചയ സംവിധാനത്തിൽ തയാറാക്കിയിട്ടില്ല.
- വസ്തുനികുതി പിരിവിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിരുന്നില്ലയെന്നാണ് വാർഷിക ധനകാര്യപത്രികയിലെ കുടിശ്ശികയിൽനിന്ന് വ്യക്തമാകുന്നത്.കള്ളുഷാപ്പുകൾ,റേഷൻകടകൾ തുടങ്ങി ഡി&ഒ ലൈസൻസ് ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായ പല സ്ഥാപനങ്ങളും പഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്.
- ഗ്രാമപഞ്ചായത്തിൽനിന്നുള്ള തുകകളുടെ വരവ് ചെലവുകൾ 7Aകാഷ്ബുക്കിൽ ചേർക്കുന്നതിൽ പല നിർവഹണ ഉദ്യോഗസ്ഥരും വീഴ്ച വരുത്തുന്നു.
- 2012-13 വരെയുള്ള കാലയളവിൽ ഇ.എം.എസ് ഭവനപദ്ധതിയിലൂടെ വിവിധഗഡുക്കളായി തുക കൈപ്പറ്റിയ31 പേർ നാളിതുവരെ പണി പൂർത്തിയാക്കാത്തത് ടി പദ്ധതിയുടെ പാളിച്ചയായി.1657500/ രൂപയാണ് ഇപ്രകാരം ഫലപ്രാപ്തിയില്ലാതെ ചെലവഴിക്കപ്പെട്ടത്.
- മരാമത്ത് പ്രവൃത്തികളുൾപ്പെടെയുള്ളവയിൽ വലിയതുകയ്ക്കുള്ള വാങ്ങലുകൾ നടക്കുമ്പോഴും പ്രാദേശികസർക്കാരെന്നനിലയിൽ "വാറ്റ് "ബില്ലുകൾ നിഷ്കർഷിക്കുന്നില്ല എന്നത് വീഴ്ചയാണ്.

നികുതിപിരിവിലുൾപ്പെടെ കാര്യക്ഷമത കൈവരിച്ച് ആഭ്യന്തരനിയന്ത്രണം മെച്ചപ്പെടുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.11.16 | 10/16 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.1.09 | 2007-08 | LBA(HQ)1379/356 തീ.12.2.09 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്ക്

- 2015-16 വാർഷിക കണക്ക് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഉള്ള വിവരം ചുവടെ ചേർക്കുന്നു.
- B-11(a) മരാമത്ത് പ്രവൃത്തി പാർട്ട് ബിൽ ഇനത്തിൽ 2172477/- രൂപ കാണുന്നുണ്ടെങ്കിലും ഇത്തരത്തിൽ പാർട്ട് ബിൽ നല്കിയിട്ടില്ല.
- B-18 നിർവ്വഹണ ഉദ്യോഗസ്ഥർക്ക് 5,09,111/-രൂപ മുൻകൂർ നല്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. പരിശോധനയിൽ ഇവയിൽ മിക്കതും തനത്ഫണ്ടിൽ നിന്ന് ചെലവഴിച്ച് ക്രമീകരിച്ചിട്ടുള്ളതാണ്. വാർഷികകണക്കിൽ ആവശ്യമായ മാറ്റം വരുത്തിയിട്ടില്ല. കൂടാതെ ഇതിൽ കാണിച്ചിട്ടുള്ള മിക്ക മുൻകൂറുകളും വാർഷികകണക്കിൽ ക്രമീകരണം നടത്താത്തതുമൂലമുള്ളതാണ്.
- B-15 വസ്തു നികുതി കിട്ടാനുള്ളത് തൻവർഷം 672229/-രൂപയും, കുടിശിക 929816/-രൂപയും കാണിച്ചിട്ടുള്ളതിന്റെ ആധികാരികത ബോധ്യപ്പെട്ടിട്ടില്ല.
- വികസനഫണ്ട് (പൊതുവിഭാഗം), ഫിനാൻസ് കമ്മീഷൻ അവാർഡ് എന്നിവയുടെ കൺസോളിഡേറ്റഡ് ഫണ്ടിലെ വരവ് ചെലവ് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. (RP-31)

## 2-2 വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതിൽ കുറവ് .

2015-16വർഷം വസ്തുനികുതി നിർണയിച്ച താഴെ പറയുന്ന കെട്ടിടങ്ങളുടെ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്.കെട്ടിടഉടമസ്ഥർ സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ തറ വിസ്തീർണ്ണമല്ല സഞ്ചയ സോഫ്റ്റ് വെയറിൽ തറ വിസ്തീർണ്ണമായി ചേർത്തിട്ടുള്ളത്. തറ വിസ്തീർണ്ണം തെറ്റായി ചേർത്തതിനാൽ വസ്തുനികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നികുതി നിർണയിച്ച തീയതി | കെട്ടിട ഉടമയുടെ പേര്, വിലാസം | കെട്ടിട നം. | സഞ്ചയസോഫ്റ്റ് വെയറില്യൾപ്പെട്ട ത്തിയ തറ വിസ്തീർണ്ണം (ച.മീ.) | കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള തറ വിസ്തീർണ്ണം (ച.മീ.) | ഈടാക്കേണ്ട അടിസ്ഥാന വസ്തുനികുതി | ഈടാക്കിയ നികുതി | കുറവ് | രസീത് നം. /തീയതി |
|---|---|---|---|---|---|---|---|---|
| 23.9.15 | ബിജു.കെ.എസ്., വേലിക്കാട്ട്, മടുക്ക | 2/59A | 87.8 | 128.88 | 128.88x6+20% വർദ്ധനവ് -10% കുറവ് =773+10% =851 | 580 | 271 | 11501100467 /25.9.15 |
| 20.1.16 | ജോസഫ് തോമസ്, കണ്ണംതറയിൽ, മടുക്ക | 2/377 | 66 | 124.85 | 124.85x6+20% വർദ്ധനവ് – 10%കുറവ് =749+10%=824 | 357 | 467 | 1160110024 /7.4.16 |
| | ആകെ | | | | | | 738 | |

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.6&6എ) നൽകിയ മറുപടിയായി പിഴവ് അടിയന്തിരമായി പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വസ്തു നികുതിയിനത്തിൽ കുറവ് വന്ന 738 രൂപ കെട്ടിടഉടമകളിൽ നിന്നോ അല്ലാത്ത പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-3 വസ്തുനികുതി കുടിശിക വർദ്ധിക്കുന്നു.

2015-16 വർഷത്തെ വാർഷിക കണക്ക് ബി -15 ഷെഡ്യൂൾ പ്രകാരം വസ്തുനികുതി തൻവർഷ കുടിശിക 672,229 രൂപയും, മുൻ വർഷങ്ങളിലെ കുടിശിക 929816 രൂപയുമാണ്. വസ്തുനികുതിയിനത്തിലെ തൻവർഷത്തെ ആകെ കുടിശിക 1602045 രൂപയാണ്.വസ്തുനികുതി കുടിശിക സംബന്ധിച്ച കുടിശിക ഡിമാന്റ് രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.വസ്തു നികുതി സംബന്ധിച്ച മാപ്പിംഗ് നിലവിൽ പൂർത്തിയായിട്ടുള്ളതിനാൽ 2016-17 വർഷം മുതൽ കൃത്യമായ ഡിമാന്റ് വിവരങ്ങൾ വാർഷികകണക്കിൽ ഉൾപ്പെടുത്താൻ സാധിക്കുമെന്ന് പഞ്ചായത്തധികൃതർ അറിയിച്ചു.

## 2-4 മൊബൈൽ ടവറുകളുടെ വസ്തു നികുതി അടവാക്കുന്നില്ല.

കോരുത്തോട് ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ പ്രസ്തുത ടവറുടമകൾ നികുതി അടവാക്കിയിട്ടില്ലായെന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്(നം.3). സ.ഉ.(സാധാ)നം.19/2011/ത.സ്വ.ഭ.വ. തീ.14.1.2011, ഗ്രാമ പഞ്ചായത്തിന്റെ 24.11.11 ലെ 2(2) -ാം നമ്പർ തീരുമാന പ്രകാരം മൊബൈൽ ടവറുകളുടെ വസ്തുനികുതി ച.മീ.500രൂപ എന്ന് നിർണയിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന ടവറുകളിൽ നിന്നും വസ്തുനികുതി കുടിശിക സഹിതം അടിയന്തിരമായി ഈടാക്കാൻ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

| ടവറിന്റെ പേര്,വാർഡ്, കെട്ടിടനം, | വിസ്തീർണ്ണം(ച.മീ.) | ഈടാക്കേണ്ട നികുതി |
|---|---|---|
| വോഡഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ് , വാർഡ് 2, 201 | 35 | 35x500 =17500 |
| ഐഡിയാ മൊബൈൽ ലിമിറ്റഡ് 5,37 | 50 | 50x500 =25000 |
| ജൻഡസ് ടവർ,എസ്.എൽ.അവന്യ ,10 ,168B | 45 | 45x500 =22500 |
| റിലയൻസ് ടെലികോം ഇൻഫ്രാസ്ട്രക്ചർ, 6, 418A | 45 | 45x500 =22500 |

| | | |
|---|---|---|
| | ആകെ | 87500 |

2013-14, 14-15 വർഷങ്ങളിലെ കുടിശികയുടെ വിവരം മുൻ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-2 ൽ പരാമർശിച്ചിട്ടുണ്ട്. തൻ വർഷം മൊബൈൽ ടവറുകളുടെ വസ്തുനികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് 87500 രൂപ ലഭിക്കാനുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ. ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കി സ്വതവേ തനത് വരുമാനം കുറവായ ഗ്രാമ പഞ്ചായത്തിന്റെ വരവിൽ കൂട്ടേണ്ടതാണ്.

## 2-5 സ്ഥാപനതൊഴിൽ നികുതി ഒടുക്കിയില്ല.

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ 2015-16 വർഷം സ്ഥാപന തൊഴിൽനികുതി ഒടുക്കിയിട്ടില്ല.

| സ്ഥാപനം | കാലയളവ് |
|---|---|
| എസ്.ബി.റ്റി, കോരുത്തോട് | രണ്ടാം അർദ്ധവർഷം |
| സെന്റ് ജോർജ് പബ്ലിക് സ്കൂൾ | രണ്ടാം അർദ്ധവർഷം |
| മുളമൂട്ടിൽ ഫൈനാൻസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

മുളമൂട്ടിൽ ഫൈനാൻസ് ജീവനക്കാരുടെയും തൊഴിൽനികുതി ഒടുക്കിയിട്ടില്ല. (പരാമർശം മുൻ റിപ്പോർട്ടിലും ഉൾപ്പെട്ടിരുന്നതാണ്.) കൂടാതെ ഗ്രാമപഞ്ചായത്തിന് തൊട്ടടുത്ത് സ്ഥിതിചെയ്യുന്ന മാതൃകാ കള്ള്ഷാപ്പുൾപ്പെടെയുള്ള മദ്യഷാപ്പുകളിൽനിന്ന് തൊഴിൽനികുതി ഈടാക്കി വരുന്നില്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കോൺക്രീറ്റ് റൂഫിൽ മാത്രം ചെയ്യാൻ കഴിയുന്ന പ്രവൃത്തി ആസ്ബസ്റ്റോസ് റൂഫിൽചെയ്തതായിരേഖപ്പെടുത്തി തുക നല്കി

| | |
|---|---|
| പ്രോജക്ട് | കുഴിമാവ് ലോവർ പ്രൈമറി സ്കൂൾ മെയിന്റനൻസ് |
| പ്രോജക്ട് നം | 86/16 |
| കൺവീനർ | സരസമ്മ (എച്ച്.എം) |
| അളവുപുസ്തകം | 357/AEE/KPLY/15-16 |
| അടങ്കൽ | 250000/- (വികസനഫണ്ട്<br>225000/-MGNR |
| ചെലവ് | 438416/-(കൺവീനർക്ക് നല്കിയത്)<br>ഡി.ഡി യുടെ പകർപ്പ് ഹാജരാക്കിയിട്ടില്ല. |
| ഡി.ഡി. നമ്പർ /തീയതി | 249205/- രൂപ 29.2.2016 ൽ ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്<br>225000/- രൂപയുടെ അലോട്മെന്റ് 27.2.16 ൽ പഞ്ചായത്തിൽ നിന്ന് നല്കിയിട്ടുണ്ട്. ആകെ ചെലവ് 474205/-രൂപ |

കുഴിമാവ് ലോവർ പ്രൈമറി സ്കൂൾ മെയിന്റനൻസ് എന്ന പ്രവൃത്തിയുടെ ഇനം 10,11,12 എന്നിവ ക്ലാസ്റൂം, ഓഫീസ് റൂം എന്നിവയ്ക്ക് പി.വി.സി റൂഫ് സീലിംഗ് നിർമ്മിക്കുകയായിരുന്നു. പി.വി.സി റൂഫ് സീലിംഗിന് ഒബ്സേർവ്ഡ് ഡാറ്റാ പ്രകാരം 553.25 രൂപ/ച.മീ നിരക്കും, അലുമിനിയം ഫ്രയിം നിർമ്മിക്കുന്നതിന് ഡി.എസ്.ആർ 21.5 പ്രകാരം 574.10രൂപ/കി.ഗ്രാം നിരക്കും, കൂടാതെ ജി.ഐ ലവൽ അഡ്ജസ്റ്റിംഗ് ഹാങ്ങറിന് ഡി.എസ്.ആർ 21.6 പ്രകാരം 131.14രൂപ/എണ്ണം നിരക്കും ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതും അളവുപുസ്തകത്തിൽ രേഖപ്പെടുത്തി തുക നല്കിയിട്ടുള്ളതും. സീലിംഗ് നിർമ്മാണത്തിന് ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ഇനം-10 | 156.35 | 86500.63 |

| | | |
|---|---|---|
| പി.വി.സി സീലിംഗ് | ച.മീ@553.25 | |
| ഇനം-11<br>അലുമിനിയം ഫ്രെയിം | 118.44<br>കി.ഗ്രാം@574.10 | 67996.40 |
| ഇനം-12<br>ലവൽഅഡ്ജസ്റ്റിംഗ് ഹാങ്ങർ | 45/Nos.@131.14/no | 59144.14 |
| ആകെ | | 213641.17 |

സ്വകാര്യഏജൻസികൾ ചതുരശ്രഅടിക്ക് 30മുതൽ 60 രൂപക്ക് വരെ ലാഭം ഉൾപ്പെടെ ചെയ്യുന്ന പ്രവൃത്തിയാണ് ച.അടിക്ക് 126 രൂപക്ക് ചെയ്തിട്ടുള്ളത്(156.35*10.76=1682ച.മീ). നിരക്കുകൾ വിശദമായി പരിശോധിച്ചതിൽ കണ്ടെത്തിയ വിവരം ചുവടെ ചേർക്കുന്നു.

പി.വി.സി സീലിംഗ്ഒബ്സേർവ്ഡ് ഡാറ്റാ പ്രകാരം 553.25 രൂപ/ച.മീ നിരക്ക് നൽകിയത് അംഗീകരിക്കാവുന്നതാണ്.പ്രസ്തുത ഡാറ്റയിൽ അലുമിനിയം ഫ്രയിമിന് വേറേ തുക നൽകുന്നതിന് അനുമതിയുണ്ട്.ഇതിന് നൽകിയ നിരക്ക് ഡി.എസ്.ആർ 21.5 പ്രകാരം 574.10രൂപ/കി.ഗ്രാം ആണ് . ഇതിന്റെ ഡാറ്റ പരിശോധിച്ചതിൽ പൗഡർ കോട്ടിംഗിന് തുക വകയിരുത്തിയിട്ടുണ്ടെങ്കിലും കോട്ടിംഗ് ഇല്ലാത്ത അലുമിനിയം ഫ്രെയിം ആണ് ഉപയോഗിച്ചിട്ടുള്ളത്.കൂടാതെ സ്കാഫോൾഡിംഗിനുള്ള തുക മേൽ പരാമർശിച്ചിട്ടുള്ള രണ്ട് ഇനങ്ങളിലും ഉൾപ്പെടുത്തിയിട്ടുണ്ട്.അലുമിനിയം ഫ്രെയിം പുറത്തുനിന്ന് പരിശോധിക്കാനോ അളവ് കണക്കാക്കാനോ കഴിഞ്ഞിട്ടില്ല.

ഡാറ്റാ പരിശോധിച്ചതിൽ ഡി.എസ്.ആർ 21.6അനുസരിച്ച് ഇനം-12 ആയി ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ളത് കോൺക്രീറ്റ് മേൽക്കൂരയിൽ സീലിംഗ് ഉറപ്പിക്കുന്നതിനുള്ള ഇനങ്ങളാണ് (expandable dash fastener,ceiling cleats etc.,). ഓഡിറ്റ് നടത്തിയ പരിശോധനയിൽ പ്രസ്തുത സ്കൂൾ കെട്ടിടത്തിന് ആസ്ബസ്റ്റോസ് റൂഫ് ആണ് എന്ന് ബോധ്യമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഡി.എസ്.ആർ 21.6 പ്രകാരം കോൺക്രീറ്റ് മേൽക്കൂരയിൽ സീലിംഗ് ഉറപ്പിക്കുന്നതിനുള്ള ഇനങ്ങൾക്ക് നൽകിയ തുക അംഗീകരിക്കാൻ കഴിയില്ല. നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം<br>(MB NO. 357/AEE/KPLY<br>/15-16 Page-31) | എണ്ണം | നിരക്ക്<br>എണ്ണത്തിന് | ആകെ |
|---|---|---|---|
| Providing and fixing 6mm dia GI level adjusting hangers fixed to roof slab by means of ceiling cleats etc complete(DSR 20.6) | 451 | 131.14/no | 59144.14 |

അപാകതയിൽ വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മേൽ പ്രവൃത്തി ആവശ്യമാണെന്ന തൃപ്തികരമല്ലാത്ത മറുപടി മാത്രമാണ് നൽകിയത്.ആസ്ബസ്റ്റോസ് മേൽക്കൂരയിൽ ചെയ്യാൻ കഴിയാത്ത പ്രവൃത്തിക്ക് നൽകിയതായികാണിച്ച് ചെലവഴിച്ച 59144.14 രൂപ എസ്റ്റിമേറ്റ് തയ്യാറാക്കുകയും , അളവു രേഖപ്പെടുത്തി തുക നൽകുകയും ചെയ്ത അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കി പഞ്ചായത് ഫണ്ടിൽ അടക്കേണ്ടതാണ്.

## 3-2 റൂഫ് ട്രസ് നിർമ്മാണം അധികനിരക്ക് നൽകി

| | |
|---|---|
| പ്രോജക്ട് | കൊമ്പുകുത്തി ട്രൈബൽസ്കൂൾ മെയിന്റനൻസ് |
| പ്രോജക്ട് നം | 79/16 |
| കൺവീനർ | ബിന്ദു.പി |
| അളവുപുസ്തകം | 719/AEE/KPLY/15-16 |
| അടങ്കൽ | 200000/- MGNR |
| ചെലവ് | 162267/-(കൺവീനർക്ക് നൽകിയത്) |
| ഡി.ഡി. നമ്പർ/തീയതി | 679031/12-4-2016 |

നിലവിൽ പഞ്ചായത്തുകളിൽ ചെയ്തു വരുന്ന പ്രധാന പ്രവൃത്തികളിൽ ഒന്ന് കെട്ടിടങ്ങൾക്ക് റൂഫ് നിർമ്മാണം

എന്നതാണ്. ഇതിലെ പ്രധാന ഇനം ജി.ഐ പൈപ്പ് ഉപയോഗിച്ചുള്ള ട്രസ് നിർമ്മാണവും, ഷീറ്റ് ഉപയോഗിച്ചുള്ള റൂഫിംഗും ആണ്. ട്രസ് നിർമ്മാണത്തിൽ സാധാരണയായി ബിൽറ്റ് അപ് സെക്ഷനിലുള്ള വേലകളും (ട്രസ്, ബീം മുതലായവ)സിങ്കിൾ സെക്ഷനിലുള്ള വേലകളും ഉൾപ്പെടുന്നു (പില്ലർ, കഴുക്കോൽ, പട്ടിക തുടങ്ങിയവ). പഞ്ചായത്തിലെ റൂഫിംഗ് പ്രവൃത്തികൾ പരിശോധിച്ചതിൽ പൈപ്പ് ഉപയോഗിച്ചുള്ള എല്ലാ വേലകൾക്കും ഡി.എസ്.അർ 10.16.1 പ്രകാരമുള്ള നിരക്ക് നല്കിയതായി കാണുന്നു. എന്നാൽ ഇത് ബിൽറ്റ് അപ് സെക്ഷനുകൾക്ക് മാത്രമുള്ള നിരക്കാണ്. കോട്ടയം ജില്ലാ ചീഫ് എഞ്ചിനീയർ ഇവ പരിഷ്കരിച്ച് സിങ്കിൾ സെക്ഷനുകൾക്കും മാർക്കറ്റ് റേറ്റിൽ ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കിയിട്ടുണ്ട് (ഒബ്സേർവ്ഡ് ഡാറ്റ 46,47 ബിൽഡിംഗ്സ് കാണുക). ഇത് പാലിക്കാതെ തുക നല്കിയതു മൂലം പഞ്ചായത്തിൽ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട്. കൊമ്പുകുത്തി ട്രൈബൽ സ്കൂൾ മെയിന്റനൻസ് എന്ന പ്രവൃത്തിക്ക് അനുവദിച്ചതും അനുവദിക്കാവുന്നതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു. (സി.പി.ഒ.എച്ച് ഒഴിവാക്കി)

| ഇനം | നല്കിയ നിരക്ക് ഡി.എസ്.അർ 10.16.1 @126.12 | ഒബ്സേർവ്ഡ് ഡാറ്റ 46 @108.68 റൗണ്ട്പൈപ്പ് | ഒബ്സേർവ്ഡ് ഡാറ്റ 47 @96.42 ചതുരപൈപ്പ് | അധികം |
|---|---|---|---|---|
| 65മി.മീ ഇൗണ് 193.60കിഗ്രാം | 24416.83 | 21040.44 | 00 | 3376.39 |
| ബീം 169.91കിഗ്രാം | 21429.04 | 00 | | 00 |
| റാഫ്റ്റർ 101.28കിഗ്രാം | 12773.43 | | 9765.41 | 3008.02 |
| ബീം സപ്പോർട്ട് 3.78 കി.ഗ്രാം | 476.73 | 00 | 00 | 00 |
| പട്ടിക 61.74കി.ഗ്രാം | 7774.03 | 00 | 5943.32 | 1830.71 |
| | | ആകെ | | 8215.12 |

**B**

| | |
|---|---|
| പ്രോജക്ട് | ആയുർവ്വേദആശുപത്രി നവീകരണം |
| പ്രോജക്ട് നം | 78/16 |
| കൺവീനർ | വർഗ്ഗീസ് |
| അളവുപുസ്തകം | (1)730/AEE/KPLY/15-16<br>(2)194/AEE/KPLY/15-16 |
| അടങ്കൽ | 445000/- MGNR+WBA |
| ചെലവ് | 409399/-(കൺവീനർക്ക് നല്കിയത്) |

| | |
|---|---|
| ഡി.ഡി. നമ്പർ /തീയതി | 322820/- 679018/19-4-2016<br>86579/- 679005/19-4-2016 |

ആയുർവ്വേദആശുപത്രി നവീകരണം എന്ന പ്രവൃത്തിക്ക് അനുവദിച്ചതും അനുവദിക്കാവുന്നതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.(സി.പി.ഒ.എച്ച് ഒഴിവാക്കി)

| ഇനം | നല്കിയ നിരക്ക് ഡി.എസ്.അർ 10.16.1 @126.12 | ഒബ്സേർവ്ഡ് ഡാറ്റ 46 @108.68 റൗണ്ട്പൈപ്പ് | ഒബ്സേർവ്ഡ് ഡാറ്റ 47 @96.42 ചതുരപൈപ്പ് | അധികം |
|---|---|---|---|---|
| 65മി.മീ ഋണ് 258.57കി.ഗ്രാം | 32610.84 | 28101.38 | 00 | 4509.46 |
| ബീം 268.81കി.ഗ്രാം | 33902.31 | 00 | | 00 |
| റാഫ്റ്റർ 519കി.ഗ്രാം | 65456.28 | 00 | 50041.98 | 15414.30 |
| ബീം സപ്പോർട്ട് 13.02 കി.ഗ്രാം | 1642.08 | 00 | 00 | 00 |
| പട്ടിക 272.74കി.ഗ്രാം | 34397.96 | 00 | 26297.59 | 8100.37 |
| | | ആകെ | | 28024.13 |

മേൽ പറഞ്ഞ രണ്ട് പ്രവൃത്തികളിലായി ബിൽറ്റ് അപ് സെക്ഷനുകൾക്കും,സിങ്കിൾ സെക്ഷനുകൾക്കും പ്രത്യേകമായി നിരക്ക് കണക്കാക്കി തുക നല്കാതെ പൊതുവായി ബിൽറ്റ് അപ് സെക്ഷനുകളുടെ തുക നല്കിയതുമൂലം 36239.25 രൂപ പഞ്ചായത്തിന് അധികച്ചെലവ് ഉണ്ടായതായി കാണുന്നു. ഈ വിഷയത്തിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് വെൽഡിംഗ് ജോലികൾ കൂടുതലുള്ളതിനാലാണ് അധിക നിരക്ക് നല്കിയതെന്ന അസ്വീകാര്യമായ മറുപടിയാണ് നല്കിയത്. പ്രസ്തുത ആവശ്യങ്ങളും പരിഗണിച്ചാണ് എക്സിക്യൂട്ടീവ്എഞ്ചിനീയർ ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയിട്ടുള്ളത്. ഓഡിറ്റ് നിരീക്ഷണം കൂടി പരിഗണിച്ച് ഭാവിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പഞ്ചായത്തിനുണ്ടാകുന്ന നഷ്ടം ഒഴിവാക്കേണ്ടതാണ്.

## 3-3 കോൺക്രീറ്റ് മിശ്രിതം--നല്കുന്നത് അധിക നിരക്ക്

DSR പ്രകാരം കോൺക്രീറ്റ് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന മണലിന് (Fine Agrigate) സി.പി.ഡബ്ല്യ.ഡി സ്പെസിഫിക്കേഷൻ 2009 3-1-3-3 പ്രകാരം കൃത്യമായ ഗ്രേഡിംഗ് നിശ്ചയിച്ചിട്ടുണ്ട് (ഗ്രേഡിംഗ് സോൺ I,II,III&IV). ഇതിൽ ഗ്രേഡിംഗ് സോൺ I,II,III പാലിക്കുന്ന ആറ്റുമണൽ, സ്റ്റോൺ ഡസ്റ്റ് (പാറമണൽ)എന്നിവ കോൺക്രീറ്റിന് ഉപയോഗിക്കാം. കൂടാതെ ഗ്രേഡിംഗ് സോൺ IV ആയ മണൽ ഉപയോഗിച്ച് 1:4:8 കോൺക്രീറ്റും ചെയ്യുന്നതിന് തടസ്സമില്ല. എന്നാൽ രേഖകൾ പ്രകാരം പഞ്ചായത്തിലെ കോൺക്രീറ്റ് പ്രവൃത്തികൾക്ക് മുഴുവൻ ഉപയോഗിച്ചിട്ടുള്ളത് സ്റ്റോൺ ഡസ്റ്റ് (പാറമണൽ) ആണ് . ഇതിന് ക്ര.നം 1159 പ്രകാരം പ്രത്യേക നിരക്ക് DSR ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഡാറ്റ പരിശോധിച്ചതിൽ എല്ലാ പ്രവൃത്തികൾക്കും ആറ്റുമണലിനുള്ള നിരക്കാണ് നല്കിയിട്ടുള്ളത്. കൂടാതെ ഗ്രേഡിംഗ് നിർണ്ണയവും നടത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ ഗ്രേഡിംഗ് സോൺ IV ആയ പാറമണലിന് അനുവദനീയമായ നിരക്ക് മാത്രമാണ് കോൺക്രീറ്റ് വേലകൾക്ക് നല്കാൻ കഴിയുക. പഞ്ചായത്തിന് സാമ്പത്തിക നഷ്ടം വരുത്തുന്നതിനാൽ കൃത്യമായ ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കി ആയതിനനുസരിച്ച് പ്രവൃത്തി ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-4 സ്ഥാപിക്കാത്ത ഫ്ലഷിംഗ് സിസ്റ്റത്തിന് തുക നല്കി

| | |
|---|---|
| പ്രോജക്ട് | കോസടി ആയുർവ്വേദആശുപത്രി നവീകരണം |
| പ്രോജക്ട് നംപർ | 195/16 |
| അളവുപുസ്തകം നംപർ | 732/AEE/KPLY/15-16 |
| കൺവീനർ | തങ്കപ്പൻ |
| എഗ്രിമെന്റ് നംപർ | 28/AEELSGD15-16 DT.7.9.15 |
| അടങ്കൽ | 2,00,000/-MGNR |
| ചെലവ് വിവരം | കൺവീനർ- 184244/-(ഡി.ഡി.നം 679028/19.3.16) |

മേൽ പ്രവൃത്തിയുടെ ഇനം 7 ആയി ചെയ്തിട്ടുള്ളത് ഇൻഡ്യൻ ടൈപ്പ് വാട്ടർ ക്ലോസറ്റ് 3 എണ്ണം സ്ഥാപിക്കുക എന്നുള്ളതാണ്. ഡി.എസ്.ആർ 17.1.1 പ്രകാരം ക്ലോസറ്റ് 1 ന് 4158.39 രൂപ പ്രകാരം 3 എണ്ണത്തിന് 12475 രൂപ നല്കിയിട്ടുണ്ട് (സി.പി.ഒ.എച്ച് ഒഴികെ). ഹൈ ലവൽ ഫ്ലഷിംഗ് സിസ്റ്റം ഉൾപ്പടെ സ്ഥാപിക്കുന്നതിനുള്ള നിരക്കാണ് ഇത്.കൺവീനർ ഹാജരാക്കിയ ബില്ലുകളിൽ ഫ്ലഷിംഗ് സിസ്റ്റം ഇല്ലാത്തതിനാൽ ഓഡിറ്റ് എൻക്വയറി നല്കുകയും ഫ്ലഷിംഗ് സിസ്റ്റം സ്ഥാപിച്ചിട്ടില്ല എന്ന മറുപടി അസിസ്റ്റന്റ് എഞ്ചിനീയർ നല്കുകയും ചെയ്തു.സ്ഥാപിക്കാത്ത ഫ്ലഷിംഗ് സിസ്റ്റത്തിന് നല്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | നല്കിയ നിരക്ക് | നല്കാവുന്നത് |
|---|---|---|
| ക്ലോസറ്റ് | 780 | 780 |
| ഫ്ലഷിംഗ് സിസ്റ്റം | 640 | 00 |
| ട്രാപ് | 315 | 315 |
| സിമന്റ്,മണൽ | 47.90 | 47.90 |
| കടത്തുകൂലി | 47.90 | 47.90 |
| ഫിറ്റർ | 543.75 | 543.75 |
| മേസൺ | 217.50 | 217.50 |
| ബെൻഡർ | 329.00 | 329.00 |
| ആകെ | 2921.05 | 2281.05 |
| വാട്ടർചാർജ് 1% | 29.21 | 22.81 |
| ആകെ | 2950.26 | 2303.86 |
| കോസ്റ്റ് ഇൻഡക്സ് 1.4095 | 1208.13 | 943.43 |
| നിരക്ക് | 4158.39 | 3247.29 |
| അധികം | 911.10 | |

സ്ഥാപിക്കാത്ത ഫ്ലഷിംഗ് സിസ്റ്റത്തിന് നല്കിയ 2733 രൂപ (911.10x3) അളവ് രേഖപ്പെടുത്തി തുക നല്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

## 3-5 ഭൂജലവകുപ്പിൽ നിക്ഷേപിച്ച 263424 രൂപയുടെ പ്രവൃത്തി നാളിതു വരെ നടന്നിട്ടില്ല

പഞ്ചായത്തിൽ നിന്നും കുഴൽ കിണർ നിർമ്മാണത്തിന് ഭൂജലവകുപ്പിൽ നിക്ഷേപിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.നം | പ്രോജ.നം | ഡി.ഡി.നം/തീയതി | തുക |
|---|---|---|---|
| 1 | 73/16 | 229456/30.3.2016 | 90355 |
| 2 | 113/16 | 679034/12.4.2016 | 90355 |
| 3 | 225/16 | 229454/30.3.2016 | 82714 |
| | ആകെ | | 263424 |

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കുഴൽ കിണർ നിർമ്മിക്കുന്നതിന് ഭൂജല വകുപ്പിൽ 263424 രൂപ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും ഒരു കിണർ പോലും നാളിതുവരെ നിർമ്മിച്ചിട്ടില്ല. കിണർ നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കുന്നതിനും, നിർമ്മിക്കുന്ന കിണറുകളുടെ മൂല്യനിർണ്ണയം നടത്തി അധികത്തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു.

## 3-6 പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത ഗ്രാമസേവാകേന്ദ്രങ്ങളിലേയ്ക്ക് ഫർണീച്ചർ വാങ്ങി

| | |
|---|---|
| പ്രോജക്ട് നം. | S0127/16 |
| അടങ്കൽ | 130,000(ധനകാര്യകമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് | 128,875/- |
| D.D NO | 229421 തീ.30.03.2016 |

12-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ.(എം.എസ്)നമ്പർ 362/2013/ത.സ്വ.ഭ.വ. തീ.16.11.2013 ഖ.11.6.3.പ്രകാരം എല്ലാ വാർഡുകളിലും ഒരു ഗ്രാമകേന്ദ്രം സ്ഥാപിക്കണം.എന്നാൽ നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത ഗ്രാമകേന്ദ്രങ്ങളിലേയ്ക്ക് 13 മേശകളും 143 കസേരകളും സിഡ്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഗ്രാമസേവാ കേന്ദ്രങ്ങൾ നിലവിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ വാങ്ങിയ മേശകളും,കസേരകളും പഞ്ചായത്താഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്.ആവശ്യാധിഷ്ഠിതമല്ലാതെ സാധനങ്ങൾ വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.2 നൽകിയതിന് മറുപടിയായി എല്ലാ വാർഡുകളിലും ഗ്രാമകേന്ദ്രങ്ങളായി പ്രവർത്തിക്കുന്നതിനുള്ള കേന്ദ്രങ്ങൾ കണ്ടെത്തിയിട്ടുള്ളതായും ടി കേന്ദ്രങ്ങളിലേയ്ക്ക് മേശ,കസേര ഇവ അടിയന്തിരമായി സപ്ലൈ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.ഗ്രാമ കേന്ദ്രങ്ങളിലേയ്ക്ക് ഫർണീച്ചറുകൾ വിതരണം ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-7 ഭവനനിർമാണ പ്രോജക്ടുകൾ -വീടുകൾ പൂർത്തീകരിച്ചില്ല.

1.പ്രോ.നം. 42/16,ആശ്രയ ഭവനം.വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായ ടി പ്രോജക്ട് പ്രകാരം ഭവനനിർമാണത്തിന് വിവിധ ഗഡുക്കളിലായി 225000/ രൂപ കൈപ്പറ്റിയ (അവസാനം കൈപ്പറ്റിയത്-50000/30-3-16)ശ്രീ.ശ്രീധരൻ,മുച്ചാങ്കുഴിയിൽ,മുക്കട എന്ന ഗുണഭോക്താവ് നാളിതുവരെ ഭവനനിർമാണം പൂർത്തിയാക്കി അവസാനഗഡു കൈപ്പറ്റിയിട്ടില്ല.

2.പ്രോ.നം .131/16 ,ഭവനനിർമാണം(എസ്.സി.പി)വി.ഇ.ഒ നിർവഹണം നടത്തിയ ടി പ്രോജക്റ്റിൽ 30-3-16 ൽ കൈപ്പറ്റിയ90000രൂപ ഉൾപ്പെടെ ആകെ 270000/കൈപ്പറ്റിയ ശ്രീ.തങ്കപ്പൻ,പാലയ്ക്കൽ എന്ന ഗുണഭോക്താവ് വീട് പണി പൂർത്തിയാക്കി അവസാന ഗഡു കൈപ്പറ്റിയിട്ടില്ല.

3.പ്രോ.നം.33/16ജവഹർലാൽ നെഹ്റു ജയന്തി ഭവന പദ്ധതി.

ടി പ്രോജക്റ്റ് പ്രകാരം ഗുണഭോക്താവായ ശ്രീ.സോമൻ,ആലയ്ക്കൽ 180000/രൂപ പല ഗഡുക്കളായി കൈപ്പറ്റിയെങ്കിലും

വീട് നിർമാണം പൂർത്തിയാക്കി അവസാനഗഡു കൈപ്പറ്റിയിട്ടില്ല.

ടി ആളുകൾ വീട് നിർമാണം പൂർത്തിയാക്കുന്ന എന്ന് ഉറപ്പാക്കേണ്ടതാണ്.

## 3-8 ഇ.എം.എസ്. ലോൺ അക്കൗണ്ടിൽ തുക അവശേഷിക്കുന്നത്.

ഇ.എം.എസ്.ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിനായി കോരുത്തോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും,വി.ഇ.ഒ.യുടെയും പേരിൽ കോരുത്തോട് സർവീസ് കോ.ഓപ്പറേറ്റീവ് ബാങ്കിൽ ആരംഭിച്ച കറന്റ് അക്കൗണ്ടിൽ (A/C No.24) 13.4.2016 ൽ 140629 രൂപ അവശേഷിക്കുന്നു. പ്രോജക്റ്റ് അവസാനിച്ച സാഹചര്യത്തിൽ ടി തുക ഇ.എം.എസ് ലോൺ അക്കൗണ്ടിലേക്ക് തിരിച്ചടച്ച് മുതൽ ഇനത്തിൽ കുറവ് വരുത്തി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പഞ്ചായത്ത് കമ്മിറ്റിയുടെ നിർദേശപ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് വി.ഇ.ഒ മറുപടി നല്കിയിട്ടുണ്ട്. നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | പാറമട ടോപ്പ് ഭാഗം കുഴൽകിണർ നിർമ്മാണം | 90355 | ഇല്ല | 90355 |
| | 113/16, കുഴൽ കിണർ നിർമ്മാണം | 90355 | ഇല്ല | 90355 |
| | 225/16, കുഴൽ കിണർ നിർമ്മാണം വാർഡ് 10 | 82714 | ഇല്ല | 82714 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽവരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽതിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്.ഭവനവായ്പ | ജി.ഒ.ആർ.ടി. നം.823/10 /ത.സ്വ.ഭ.വ | 12927300 | 4046275 | 2232058 | ---- | 1814217 |

•

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1924രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2009-10,2010-11 | 3.2 | 666 | എം.കെ.ശശികല, താന്നിമൂട്ടിൽ | 11501100564/ 13.10.15 |
| 2009-10,2010-11 | 3.4 | 1258 | പി.കെ.സുധീർ, മെമ്പർ | 583/13.10.15 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. -ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 50593520 (മുന്നിരിപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 46145485 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 61877.44 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 263424 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 59144 | ശ്രീ. എം റഹീം അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 2733 | ശ്രീ. എം.റഹീം അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 61877 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3-5 | 263424 | ശ്രീ. എം.റഹീം, അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം -ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ -ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എം റഹീം | അസിസ്റ്റന്റ് എഞ്ചിനീയർ. കോരുത്തോട് ഗ്രാമ പഞ്ചായത് | കക്കാട്ടുകോടിവിള വീട് പള്ളിക്കൽ പി.ഒ, കിളിമാനൂർ |

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | | തിരുവനന്തപുരം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2005-06 | എൽ.എഫ്.കെ.പി 9-53/08 തീ.10.11.2008 | 4 | |
| 2006-07 | എൽ.എഫ്.കെ.പി9-54/08 തീ.20.04.08 | | |
| 2007-08 | എൽ.എഫ്.കെ.പി 13-1613/12 തീ.14.01.13 | 4 | |
| 2008-09 | എൽ.എഫ്.കെ.പി13-577/14 തീ.20.08.14 | 8 | |
| 2009-10 & 2010-11 | എൽ.എഫ്.കെ.പി13 -999/2014 തീ.13.10.14 | 16 | |
| 2011-12 & 2012-13 | കെ.എസ്.എ.കെ.ടി.എം.പി 13/1683/2015 /6.01.16 | 26 | |
| 2013-14 & 2014-15 | കെ.എസ്.എ.കെ.ടി.എം.പി13/696/16/02.06.16 | 32 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
കോട്ടയം

## അനുബന്ധം1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.ടി.എം.പി-13-1841/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി:07.12.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, കോട്ടയം.